LIBRARY ARCHIVES Kerala Legislative Assembly

**കെ.ടി. ബാലഭാസ്കറുടെ സാമ്പത്തിക അഴിമതിയെ സംബന്ധിച്ച് അന്വേഷണം**

174 (240) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ രജിസ്ട്രാരായിരുന്ന കെ. ടി. ബാലഭാസ്കറുടെ സാമ്പത്തിക അഴിമതികൾ അന്വേഷിക്കണമെന്ന, എം. മുരളി എം.എൽ.എ. ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകിയ 7904/M(FIN)/10-VIP നമ്പർ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സി.ഡിറ്റിൽ രജിസ്ട്രാറായിരുന്ന കെ. ടി. ബാലഭാസ്കറുടെ പേരിൽ ഉയർന്നുവന്ന സാമ്പത്തിക അഴിമതികൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷിക്കുവാൻ കാലതാമസംവരുന്ന സാഹചര്യത്തിൽ വിജിലൻസിനെ ചുമതലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സി.ഡിറ്റിലെ സാമ്പത്തിക അഴിമതികളെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച പരാതിയെക്കുറിച്ചന്വേഷിക്കുന്നതിന് ധനകാര്യ (പരിശോധന) വിഭാഗങ്ങളുടെ സംയുക്ത പരിശോധനയ്ക്ക് ഉത്തരവായിട്ടുണ്ട്. പരിശോധന ഡിസംബർമാസം തന്നെ നടത്തുന്നതായിരിക്കും.

(ബി) ധനകാര്യ (പരിശോധന) വിഭാഗങ്ങളുടെ സംയുക്ത പരിശോധന പൂർത്തിയായതിനുശേഷമേ, വിജിലൻസ് അന്വേഷണം ആവശ്യമാണോയെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാവൂ.

**നികുതി/നികുതിയേതര വരുമാനം**

175 (241) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2006 കാലയളവിലെ നികുതി/നികുതിയേതര വരുമാനം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) 2006-2010 കാലത്തെ നികുതി/നികുതിയേതര വരുമാനം എത്രയായിരുന്നു ;

(സി) 2001-2006 കാലത്തെ അപേക്ഷിച്ച് 2006-2010 കാലത്ത് എത്ര ശതമാനം നികുതി വരുമാന വർദ്ധനവുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) നികുതി വരുമാന വർദ്ധനവുണ്ടാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2001-2006 കാലയളവിലെ തനത് നികുതി/നികുതിയേതര വരുമാനം സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

(രൂപ കോടിയിൽ)

| | നികുതി വരുമാനം (തനത്) | നികുതിയേതര വരുമാനം |
|---|---|---|
| 2001-02 | 5923.42 | 543.38 |
| 2002-03 | 7302.54 | 677.76 |
| 2003-04 | 8088.77 | 806.98 |
| 2004-05 | 8963.65 | 819.08 |
| 2005-06 | 9778.62 | 936.78 |
| ആകെ | 40057 | 3783.98 |

(ബി) 2006-2010-ലെ കാലയളവിലെ തനത് നികുതി/നികുതിയേതര വരുമാനം സംബന്ധിച്ച് കണക്കുകൾ താഴെ ചേർക്കുന്നു.

(രൂപ കോടിയിൽ)

| | നികുതി വരുമാനം (തനത്) | നികുതിയേതര വരുമാനം |
|---|---|---|
| 2006-07 | 11941.82 | 937.57 |
| 2007-08 | 13668.95 | 1209.55 |
| 2008-09 | 15990.18 | 1559.29 |
| 2009-10 (താത്ക്കാലിക കണക്ക്) | 17625.02 | 1852.22 |
| ആകെ | 59225.97 | 5558.63 |

(സി) 2001-06 കാലഘട്ടത്തെ അപേക്ഷിച്ച് 2006-10 കാലത്ത് തനത് നികുതി വരുമാനത്തിൽ 47.85 ശതമാനത്തിന്റെ വർദ്ധനയുണ്ടായിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി വരുമാനം വർദ്ധിപ്പിക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചു. വാണിജ്യ നികുതി വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി. ചെക്ക് പോസ്റ്റുകളിലെ നികുതിവെട്ടിപ്പു തടയാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജിത നടപടികൾ സ്വീകരിച്ചു. ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ച് അതനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കി വരുന്നു.

## നികുതി കുടിശ്ശിക

176 (242) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നികുതി കുടിശ്ശികയിനത്തിൽ എത്ര രൂപയാണ് സർക്കാരിന് ലഭിക്കാനുള്ളത് ; ഓരോ നികുതി ഇനവും കുടിശ്ശിക തുകയും വ്യക്തമാക്കുമോ ;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; അതിന്റെ പുരോഗതികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2005-06-ൽ സംസ്ഥാനത്തിന്റെ നികുതി (തനത്) വരുമാനം 9778.62 കോടി രൂപയായിരുന്നു. എന്നാൽ 2009-10-ൽ ഇത് വർദ്ധിച്ച് 17625.02 കോടി രൂപയായി ഉയർന്നിട്ടുണ്ട്. 2005-06-നെ അപേക്ഷിച്ച് 2009-10 വരെ 80 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി)

1. വാണിജ്യ നികുതി ഓഫീസർമാരുടെ ജില്ലാതല സമ്മേളനങ്ങൾ ധനകാര്യ വകുപ്പുമന്ത്രി നേരിട്ട് വിളിച്ചുകൂട്ടി, നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോടതി, സർക്കാർ വിവിധ അപ്പീലധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കമ്മീഷണർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുക്കുന്നു. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിങ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നു.

3. നികുതി പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നു നേരിട്ട് പരിശോധന നടത്തുകയും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly